# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ

88

884 2

ഫി.ആർ.സി/001323/07

പെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 27.03.09

## സർക്കുലർ നമ്പർ - 3

**വിഷയം:** സേവനവേതന പരിഷ്ക്കരണം 2008 - ഓപ്ഷൻ സ്വീകരിക്കുന്നതു സംബന്ധിച്ച്

**സൂചന:**
1. സർക്കാർ ഉത്തരവ് (പി) 26/09/ ട്രാൻ തീയതി: 13.02.09
2. എൽ.ആർ. 8/001313/06 തീയതി: 18.02.09
3. ഇതേ നമ്പരിലെ 18.03.09 - ലെ സർക്കുലർ നമ്പർ - 2

1. മേൽ സൂചന 3 പ്രകാരം ശമ്പള പരിഷ്ക്കരണ കരാറിന്റെ സ്പഷ്ടീകരണത്തെ സംബന്ധിച്ച് വിവിധ യൂണിറ്റുകളിൽ നിന്നും ചില കാര്യങ്ങളിൽ വ്യക്തത വേണമെന്ന ആവശ്യത്തെ തുടർന്ന് താഴെപ്പറയുന്ന വിശദീകരണങ്ങൾ നൽകുന്നു. സൂചന 3 - ലെ ഖണ്ഡം നമ്പർ V - ൽ 2 മുതൽ 4 വരെയുള്ള ഘടകങ്ങൾ പ്രത്യേകം പ്രത്യേകം അല്ലാതെ കൂട്ടിയ ശേഷം അപ്പർ റൗണ്ടിംഗ് നടത്തേണ്ടതാണ് എന്നുള്ളത് "*മേൽ പറഞ്ഞ സംഖ്യകൾ കൂട്ടിയ ശേഷം 50 പൈസയിൽ കൂടുതൽ ഉള്ളത് മുകളിലത്തെ രൂപയിലേക്കും 50 പൈസയിൽ കുറവുള്ളത് ഒഴിവാക്കേണ്ടതുമാണ്*" എന്ന് തിരുത്തേണ്ടതാണ്.

2. സർക്കുലർ 2 -ൽ ഓപ്ഷൻ ചട്ടങ്ങൾ ഖണ്ഡം III ൽ ഇനി പറയുന്ന ഖണ്ഡിക കൂടി ച്ചേർക്കേണ്ടതാണ്. ഒരു ജീവനക്കാരന്റെ ഇൻക്രിമെന്റ് തീയതിയും പ്രമോഷൻ തീയതിയും ഒരേ ദിവസം ആയാൽ അത് ഗ്രേഡ് പ്രമോഷൻ ചട്ടങ്ങൾ പ്രകാരം അബ്സല്യൂട്ട് പ്രമോഷൻ ആകയാൽ ആ ദിവസം താഴ്ന്ന തസ്തിക നിലനിൽക്കുന്നതല്ല. ആയതിനാൽ ഇൻക്രിമെന്റ് തീയതി എന്ന നിലയിൽ ആ ജീവനക്കാരന് താഴ്ന്ന തസ്തികയിൽ ഓപ്ഷന് അർഹതയുണ്ടായിരിക്കുന്നതല്ല. എന്നാൽ ആ തീയതിയിൽ പ്രമോഷൻ തസ്തികയിൽ ഓപ്ഷൻ അനുവദിക്കുന്നതാണ്.

*ഉദാ: 05.04.07 - ൽ അസിസ്റ്റന്റ് തസ്തികയിൽ ഇൻക്രിമെന്റിനും അതേ ദിവസം തന്നെ സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് പ്രമോഷനും അർഹതയുണ്ടെങ്കിൽ അയാൾക്ക് ഓപ്ഷൻ നൽകാവുന്ന തസ്തിക സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റിന്റേതാണ്. അസിസ്റ്റന്റ് തസ്തികയിൽ ടിയാന് ഓപ്ഷന് അർഹതയുണ്ടായിരിക്കുന്നതല്ല.*

3. 01.03.06 നു മുമ്പ് വർക്ക് അസിസ്റ്റന്റ് ട്രെയിനി / റിസർവ്വ് കണ്ടക്ടർ / റിസർവ്വ് ഡ്രൈവർ തസ്തികകളിൽ നിയമനം ലഭിച്ച ജീവനക്കാരൻ 01.03.06 നോ അതിനു ശേഷമോ ആണ് വർക്ക് അസിസ്റ്റന്റ് / കണ്ടക്ടർ II ഗ്രേഡ് / ഡ്രൈവർ II ഗ്രേഡിലേക്ക് റഗുലർ നിയമനം നേടുന്നതെങ്കിൽ പ്രസ്തുത തീയതിയിൽ പരിഷ്ക്കരിച്ച സ്കെയിലിൽ നിയമനം നടന്നതായി കണക്കാക്കുന്നതിനാൽ അവർ

ഉദാ1: 20.01.06 ൽ വർക്ക് അസിസ്റ്റന്റ് ട്രെയിനിയായി സർവീസിൽ പ്രവേശിച്ച ജീവനക്കാരൻ 20.04.06 ൽ വർക്ക് അസിസ്റ്റന്റായി അബ്സോർബ് ചെയ്യപ്പെട്ടാൽ അയാളുടെ ശമ്പളം 20.04.06 ൽ പരിഷ്ക്കരിച്ച സ്കെയിലിന്റെ മിനിമത്തിൽ ഫിക്സ് ചെയ്യേണ്ടതാണ്.

ഉദാ2: 05.08.05 ൽ റിസർവ്വ് കണ്ടക്ടർ/ഡ്രൈവർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരൻ 12.06.06 ൽ കണ്ടക്ടർ II / ഡ്രൈവർ II ഗ്രേഡിൽ അബ്സോർബ് ചെയ്യപ്പെട്ടാൽ അവരെ പരിഷ്ക്കരിച്ച സ്കെയിലിൽ അബ്സോർബ് ചെയ്തതായി കണക്കാക്കേണ്ടതാണ്. അവർ ഓപ്ഷൻ നല്കേണ്ടതില്ല.

4. 01.03.06 നു മുമ്പ് റഗുലറൈസ് ചെയ്യപ്പെടുകയും 28.02.09 നോ അതിനു മുമ്പ് മെക്കാനിക്ക് II ഗ്രേഡായി പ്രമോഷൻ ലഭിക്കുകയും ചെയ്തവർക്ക് വർക്ക് അസിസ്റ്റന്റ് തസ്തികയിലോ മെക്കാനിക്ക് II ഗ്രേഡ് തസ്തികയിലോ ഓപ്ഷന് അവസരമുള്ളതിനാൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ഓപ്ഷൻ നൽകുന്നവരുടെ ശമ്പള നിർണ്ണയം 01.03.06 നോ ഓപ്ഷൻ തീയതിക്കോ താഴെപറയുന്ന പ്രകാരം ചെയ്യാവുന്നതാണ്.

ഉദാ: 10.10.05 ൽ വർക്ക് അസിസ്റ്റന്റ് ട്രെയിനിയായി സർവീസിൽ പ്രവേശിക്കുകയും 10.01.06 ൽ വർക്ക് അസിസ്റ്റന്റായി റഗുലർ തസ്തികയിൽ നിയമനം നേടുകയും 10.01.09 [10.08] - ൽ മെക്കാനിക്ക് II ഗ്രേഡായി പ്രമോഷൻ ലഭിക്കുകയും ചെയ്ത ഒരു ജീവനക്കാരൻ 01.03.06 ൽ വർക്ക് അസിസ്റ്റന്റ് തസ്തികയിൽ ഓപ്ഷൻ നൽകിയാൽ അയാളുടെ ശമ്പളം നിർണ്ണയിക്കേണ്ട വിധം.

| തീയതി | തസ്തിക | പഴയ നിരക്കിലെ ശമ്പളം | പുതിയ നിരക്കിലെ ശമ്പളം |
|---|---|---|---|
| 01.03.06 | വർക്ക് അസിസ്റ്റന്റ് | 2750/- | 4990/- |
| 01.03.07 | വർക്ക് അസിസ്റ്റന്റ് | ഇൻക്രിമെന്റ് | 5120/- |
| 01.03.08 | വർക്ക് അസിസ്റ്റന്റ് | ഇൻക്രിമെന്റ് | 5250/- |
| 10.01.09 [10.08] | മെക്കാനിക്ക് II ഗ്രേഡ് | ശമ്പള നിർണ്ണയം | 5530/- |
| 01.03.09 | മെക്കാനിക്ക് II ഗ്രേഡ് | ശമ്പള പുനർനിർണ്ണയം | 5670/- |

ടിയാന്റെ അടുത്ത ഇൻക്രിമെന്റ് തീയതി 01.03.09 മുതൽ ഇൻക്രിമെന്റ് വർഷം പൂർത്തിയാകുമ്പോൾ ആയിരിക്കും.

5. 01.03.06 നും 28.02.09 നും ഇടയിൽ തസ്തിക മാറ്റം വഴി പ്രമോഷൻ ലഭിച്ച ജീവനക്കാരുടെ ശമ്പളം നിർണ്ണയിക്കുന്ന വിധം.

ഉദാ1: 15.07.04 ൽ വർക്ക് അസിസ്റ്റന്റ് ട്രെയിനിയായി സർവീസിൽ പ്രവേശിച്ച ഒരാൾ 15.10.04 ൽ വർക്ക് അസിസ്റ്റന്റായി അബ്സോർബ് ചെയ്യപ്പെടുകയും ടിയാൻ 05.04.06 ൽ ടയർ ഇൻസ്പെക്ടർ ഗ്രേഡ് II ൽ പ്രമോഷൻ ലഭിക്കുകയും ചെയ്താൽ ശമ്പളം നിർണ്ണയിക്കുന്ന വിധം.

| തീയതി | തസ്തിക | പഴയ നിരക്കിലെ ശമ്പളം | പുതിയ നിരക്കിലെ ശമ്പളം |
|---|---|---|---|
| 15.10.04 | വർക്ക് അസിസ്റ്റന്റ് | 2750/- | - |
| 15.10.05 | വർക്ക് അസിസ്റ്റന്റ് | 2820/- | - |
| 01.03.06 | വർക്ക് അസിസ്റ്റന്റ് | ശമ്പള നിർണ്ണയം | 5120/- |
| 05.04.06 | ടയർ ഇൻസ്പെക്ടർ | ശമ്പള നിർണ്ണയം | 5390/- |
| 05.04.07 | ടയർ ഇൻസ്പെക്ടർ | ഇൻക്രിമെന്റ് | 5530/- |
| 05.04.08 | ടയർ ഇൻസ്പെക്ടർ | ഇൻക്രിമെന്റ് | 5670/- |

മേൽ ഉദ്ധരിച്ച ഉദാഹരണത്തിൽ ലോവർ ടൈം സ്കെയിലിൽ നിന്നും ഹയർ ടൈം സ്കെയിലിലേക്ക് ആണ് പ്രമോഷൻ എന്നതിനാൽ KSR റൂൾ 28 A അനുസരിച്ച് ഫിക്സേഷന് അർഹതയുണ്ടായിരിക്കുന്നതാണ്. എന്നാൽ ടിയാന്റെ അടുത്ത ഇൻക്രിമെന്റ് പ്രമോഷൻ തീയതി മുതൽ ഒരു ഇൻക്രിമെന്റ് വർഷം പൂർത്തിയാകുമ്പോഴായിരിക്കും.

*ഉദാ2: മേൽ ഉദാഹരണത്തിലെ ജീവനക്കാരൻ 15.10.05 ൽ മെക്കാനിക്ക് II ഗ്രേഡ് ആയാൽ ടിയാന്റെ ശമ്പളം നിർണ്ണയിക്കുന്ന വിധം.*

| തീയതി | തസ്തിക | പഴയ നിരക്കിലെ ശമ്പളം | പുതിയ നിരക്കിലെ ശമ്പളം |
|---|---|---|---|
| 15.10.05 | മെക്കാനിക്ക് II ഗ്രേഡ് | 3050/- | - |
| 01.03.06 | മെക്കാനിക്ക് II ഗ്രേഡ് | ശമ്പള നിർണ്ണയം | 5530/- |
| 05.04.06 | ടയർ ഇൻസ്പെക്ടർ | ശമ്പള നിർണ്ണയം | 5530/- |
| 01.03 ~~05.04.07~~ | ടയർ ഇൻസ്പെക്ടർ | ഇൻക്രിമെന്റ് | 5670/- |
| 01.03 ~~05.04.08~~ | ടയർ ഇൻസ്പെക്ടർ | ഇൻക്രിമെന്റ് | 5810/- |

മേൽ ഉദ്ധരിച്ച ഉദാഹരണത്തിൽ രണ്ടു തസ്തികയും ഒരേ ടൈം സ്കെയിലിൽ ആയതിനാൽ ടയർ ഇൻസ്പെക്ടർ തസ്തികയിൽ ശമ്പളപുനർനിർണ്ണയം നടത്തേണ്ടതില്ല എന്നാൽ മെക്കാനിക്ക് II ഗ്രേഡിലെ കാലയളവു കൂടി പരിഗണിച്ച് ആദ്യത്തെ ഇൻക്രിമെന്റ് നൽകാവുന്നതും അടുത്ത ഇൻക്രിമെന്റ് ഒരു ഇൻക്രമെന്റ് വർഷം പൂർത്തിയാകുന്ന മുറയ്ക്ക് നൽകാവുന്നതുമാണ്.

**ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർ**

*പകർപ്പ് :*

*എല്ലാ യൂണിറ്റാഫീസർമാർക്കും*

*ചീഫ് ഓഫീസിലെ എല്ലാ സെക്ഷനുകൾക്കും*

# കേരളാ സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (91)

പി.ആർ.സി/001323/07

ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടറുടെ കാര്യാലയം
ട്രാൻസ്പോർട്ട് ഭവൻ, തിരുവനന്തപുരം
തീയതി: 30.03.09

## സർക്കുലർ നമ്പർ – 3 (എ)

**വിഷയം:** സേവനവേതന പരിഷ്ക്കരണം 2008 - ഓപ്ഷൻ സ്വീകരിക്കുന്നതു സംബന്ധിച്ച് സർക്കുലർ നമ്പർ -- 3 ന്റെ തിരുത്തൽ കുറിപ്പ്

**സൂചന:**
1. സർക്കാർ ഉത്തരവ് (പി) 26/09/ ട്രാൻ തീയതി 13.02.09
2. എൽ.ആർ. 8/001313/06 തീയതി 18.02.09
3. ഇതേ നമ്പരിലെ 27.03.09 - ലെ സർക്കുലർ നമ്പർ -- 3

സൂചന 3 -ലെ ഖണ്ഡിക 4 ന്റെ ഉദാഹരണത്തിൽ "10.01.09 ൽ മെക്കാനിക്ക് II ഗ്രേഡായി " എന്നത് 10.10.08 എന്ന് തിരുത്തി വായിക്കേണ്ടതാണ്.

| തീയതി | തസ്തിക | പഴയ നിരക്കിലെ ശമ്പളം | പുതിയ നിരക്കിലെ ശമ്പളം |
|---|---|---|---|
| 01.03.06 | വർക്ക് അസിസ്റ്റന്റ് | 2750/- | 4990/- |
| 01.03.07 | വർക്ക് അസിസ്റ്റന്റ് | ഇൻക്രിമെന്റ് | 5120/- |
| 01.03.08 | വർക്ക് അസിസ്റ്റന്റ് | ഇൻക്രിമെന്റ് | 5250/- |
| 10.10.08 | മെക്കാനിക്ക് II ഗ്രേഡ് | ശമ്പള നിർണ്ണയം | 5530/- |
| 01.03.09 | മെക്കാനിക്ക് II ഗ്രേഡ് | ശമ്പള പുനർനിർണ്ണയം | 5670/- |

ഖണ്ഡം നമ്പർ 5 - ലെ ഉദാഹരണം 2 ൽ പട്ടികയിൽ പറഞ്ഞിരിക്കുന്ന തീയതികൾ ഇനി പറയും പ്രകാരം തിരുത്തി വായിക്കേണ്ടതാണ്.

| തീയതി | തസ്തിക | പഴയ നിരക്കിലെ ശമ്പളം | പുതിയ നിരക്കിലെ ശമ്പളം |
|---|---|---|---|
| 15.10.05 | മെക്കാനിക്ക് II ഗ്രേഡ് | 3050/- | - |
| 01.03.06 | മെക്കാനിക്ക് II ഗ്രേഡ് | ശമ്പള നിർണ്ണയം | 5530/- |
| 05.04.06 | ടയർ ഇൻസ്പെക്ടർ | ശമ്പള നിർണ്ണയം | 5530/- |
| 01.03.07 | ടയർ ഇൻസ്പെക്ടർ | ഇൻക്രിമെന്റ് | 5670/- |
| 01.03.08 | ടയർ ഇൻസ്പെക്ടർ | ഇൻക്രിമെന്റ് | 5810/- |

*ചെയർമാൻ ആന്റ് മാനേജിംഗ് ഡയറക്ടർക്കു വേണ്ടി*

*ഡെപ്യൂട്ടി ചീഫ് അക്കൗണ്ട്സ് ഓഫീസർ*

*(പേ റിവിഷൻ സെൽ)*

*പകർപ്പ്:*

*എല്ലാ യൂണിറ്റാഫീസർമാർക്കും*

[illegible]